തലശ്ശേരി - മാഹി ബൈപ്പാസ്

314 (1371) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ നടപ്പുസാമ്പത്തിക വർഷ ബഡ്ജറ്റിൽ തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണത്തിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;

(സി) തലശ്ശേരി നഗരത്തിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനായി തലശ്ശേരി-മാഹി ബൈപ്പാസുമായി ബന്ധപ്പെടുത്തി എന്തെങ്കിലും ക്രമീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ;

(ഡി) തലശ്ശേരി-മാഹി ബൈപ്പാസ് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി - മാഹി ബൈപ്പാസിനു മാത്രമായി തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ബി-ഡി) 18 കി.മീറ്റർ ദൂരം വരുന്ന തലശ്ശേരി - മാഹി ബൈപ്പാസിന്റെ മുഴപ്പിലങ്ങാട് മുതൽ നാലുതറ വരെയുള്ള 12 കി.മീറ്റർ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ കേന്ദ്ര സഹായത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്. ഈ 12 കി.മീറ്റർ ദൂരം രണ്ട് വരിപ്പാതയായി പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ചെലവിൽ സ്റ്റാന്റ് എലോൺ (Stand alone) പ്രോജക്ടായി നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന് 300 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

ഒറ്റ തവണ നവീകരണ പദ്ധതി

315 (1372) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അമ്പലപ്പുഴ മണ്ഡലത്തിലെ എത്ര ഗ്രാമീണ റോഡുകളെ ഒറ്റതവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കുവാനുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒറ്റ തവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകൾ നവീകരിച്ച ഇനത്തിൽ അമ്പലപ്പുഴ മണ്ഡലത്തിൽ എത്ര തുക നൽകുവാനുണ്ട്; വിശദമാക്കാമോ;

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ ഒറ്റ തവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകൾ നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ;

(ഇ) ഒറ്റ തവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്താൻ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന റോഡുകൾക്ക് മുൻഗണന നൽകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അമ്പലപ്പുഴ മണ്ഡലത്തിൽ ഒറ്റതവണ നവീകരണ പദ്ധതിയിൽ റോഡുകളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. 'എ' -യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ ഒറ്റതവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകൾ നവീകരിക്കാൻ തുക വകയിരുത്തിയിട്ടില്ല.

(ഇ) ഗ്രാമീണ റോഡുകളുടെ പ്രാധാന്യവും അതിന്റെ നിലവിലുള്ള അവസ്ഥയും ജനപ്രതിനിധികളുടെ നിർദ്ദേശങ്ങളും പരിഗണിച്ചാണ് പ്രൊപ്പോസൽ തയ്യാറാക്കുന്നത്. എം.എൽ.എ. -മാരുടെ നിർദ്ദേശങ്ങളും മുൻഗണന നൽകി പരിശോധിക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ ഗതാഗതക്കുരുക്ക്

316 (1373) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂർ, തലക്കടത്തൂർ, വൈലത്തൂർ എന്നീ നഗരങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി നിർമ്മിക്കുന്ന തിരൂർ-പൊന്നുണ്ടം ബൈപാസിന്റെ നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ നാലാം ഘട്ടത്തിന്റെ പുരോഗതിയും മൂന്നാം ഘട്ടത്തിന്റെ സ്ഥലമെടുപ്പും ഏത് അവസ്ഥയിലാണെന്ന് വിശദമാക്കുമോ;

(സി) ഈ പ്രവൃത്തിയുടെ സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണ്;

(ഡി) സ്ഥലം ലഭ്യമാകാത്ത അവസ്ഥ എവിടെയെങ്കിലും സംജാതമായിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly